3

# ജ്ഞാനം, വിശ്വാസം, സ്നാനത്തിൽ പരിഹാരം

*"പരിച്ഛേദനക്കാർ തന്നേയും ന്യായപ്രമാണം ആചരിക്കുന്നില്ലല്ലൊ നിങ്ങളുടെ ജഡത്തിൽ പ്രശംസിക്കേണം എന്നുവെച്ചു, നിങ്ങൾ പരിച്ഛേദന ഏല്പാൻ അവർ ഇച്ഛിക്കുന്നതേയുള്ളൂ. എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇടവരരുത്, അവനാൽ ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു. പരിച്ഛേദനയല്ല, അഗ്രചർമ്മവുമല്ല, പുതിയ സൃഷ്ടിയത്രേ കാര്യം" (ഗലാത്യർ 6:13-15).*

ഭൗതിക പ്രവൃത്തികൾ ദൈവത്തിനു പ്രാധാന്യമുള്ളതാണ്. ന്യായപ്രമാണത്തിൻ കീഴിൽ ജീവിച്ച, തന്റെ ജനത്തിൽ പരിച്ഛേദന ഏല്ക്കാതിരുന്നവരെ, ദൈവം ജനത്തിനിടയിൽ നിന്നു ഛേദിച്ചു കളഞ്ഞിരുന്നു (ഉല്പത്തി 17:14). എങ്ങനെയായാലും, അഗ്രചർമ്മികളുടെ ശരിയായ നല്ല ജീവിതത്തിൽ പരിച്ഛേദന ഉൾപ്പെടുത്തിയിട്ടില്ല (റോമർ 2:25). അതുപോലെ, സ്നാനത്തിനു വിലയുണ്ടാകണമെങ്കിൽ അതുമായ ബന്ധത്തിലുള്ള ആത്മിയ തത്വങ്ങൾ ഹൃദയപൂർവ്വം *അനുസരിക്കുമ്പോഴാണ്.* അതിൽ നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ട ഭൗതിക പ്രവൃത്തികൾ മാത്രമല്ല, നമ്മുടെ ഹൃദയവും അതിനോടുകൂടെ ഉണ്ടാകണം.

ഒരുതരത്തിലും അവനോടുള്ള ബന്ധത്തിൽ ദൈവം ഒരിക്കലും പൊള്ളയായ ഭൗതിക പ്രവൃത്തികൾ ഉൾപ്പെടുത്തുന്നില്ല; അവൻ പ്രവൃത്തികളും നമ്മുടെ ഹൃദയവും നോക്കും. ദൈവം ഏലീയാബിനെ യിസ്രായേലിന്റെ രാജാവായി അഭിഷേകം ചെയ്യുവാൻ പോകുന്നു എന്നു, ശമുവേൽ തെറ്റായി ധരിച്ചു. ദൈവം അവനോടു പറഞ്ഞു, "അവന്റെ മുഖമോ പൊക്കമോ നോക്കരുത്, ഞാൻ അവനെ തള്ളിയിരിക്കുന്നു; മനുഷ്യൻ നോക്കുന്നതുപോലെയല്ല, മനുഷ്യൻ കണ്ണിന്നു കാണുന്നതു നോക്കുന്നു, യഹോവയോ ഹൃദയത്തെ നോക്കുന്നു എന്നു അരുളിച്ചെയ്യുന്നു" (1 ശമുവേൽ 16:7).

ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ട - ഒരു പുതിയ ജീവിതം

ആണ് ദൈവം ആഗ്രഹിക്കുന്നത് (ഗലാത്യർ 6:14, 15). നാം സ്നാനപ്പെടുമ്പോൾ, പുതിയ ജീവിതത്തിലേക്കു പ്രവേശിച്ചില്ലെങ്കിൽ, നമ്മുടെ സ്നാനം വിലയില്ലാത്തതാകുന്നു; സ്നാനം മുഖാന്തരം മരണം, അടക്കം, ഉയിർപ്പ് എന്നിവയുമായി ഏകീഭവിച്ച് പുതിയ ജീവിതത്തിൽ പ്രവേശിക്കയാണ് (റോമർ 6:4).

ഈ മാറ്റത്തിന്റെ നല്ല ഒരു മാതൃകയാണ് പൗലൊസിന്റെ ജീവിതം. സ്നാനത്തിൽ അവൻ തന്റെ പഴയ മനുഷ്യനെ മരിപ്പിക്കയും യേശുവിന്നുവേണ്ടി ഒരു പുതിയ ജീവിതം ആരംഭിക്കയും ചെയ്തു. റോമർ 6:4–6 പറയുന്നു,

> അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു, ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നേ. അവന്റെ മരണത്തിന്റെ സാദൃശത്തോടു നാം ഏകീഭവിച്ചവരായെങ്കിൽ, പുനരുത്ഥാനത്തിന്റെ സാദൃശത്തോടും ഏകീഭവിക്കും. നാം ഇനി പാപത്തിനു അടിമപ്പെടാതവണ്ണം, പാപശരീരത്തിനു നീക്കം വരേണ്ടതിന്നു, നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടു എന്നു നാം അറിയുന്നു.

പൗലൊസ് അതു ഈ വിധത്തിൽ പറഞ്ഞിരിക്കുന്നു: "ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ *ജീവിക്കുന്നതോ* എന്നെ സ്നേഹിച്ചു എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചു കൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നത്" (ഗലാത്യർ 2:20; എംഫസിസ് മൈൻ).

**നാം എന്ത് അറിയണം**

സ്നാനപ്പെടേണം എന്നു മനസ്സിലായപ്പോൾ, പ്രവൃത്തികളുടെ പുസ്തകത്തിൽ ക്രിസ്ത്യാനികളായിത്തീർന്നവർ അവർ അന്നു തന്നെ സ്നാനപ്പെട്ടു, ദൈവം സ്നാനം കല്പിച്ചിരിക്കുന്നു എന്നു മാത്രം അറിഞ്ഞാൽ മതി എന്നു കരുതുന്നവർ ഇതിനേക്കാൾ കൂടുതൽ പഠിപ്പിച്ചിട്ടുണ്ട്. എങ്ങനെയായാലും, സ്നാനപ്പെടുന്നവർക്ക് അതിനേക്കാൾ കൂടുതൽ അറിയേണ്ട ആവശ്യമുണ്ടായിരുന്നു എന്നർത്ഥം. സ്ത്രീ പുരുഷന്മാർ യേശുവിന്റെ ശിഷ്യന്മാരാകുവാൻ അവരെ പഠിപ്പിക്കേണ്ട ഏതാനും സത്യങ്ങൾ താഴെ കൊടുക്കുന്നു:

1. *ഏക സത്യദൈവം ഉണ്ട്* (പ്രവൃത്തികൾ 3:13; 14:15; 17:23–31). ദൈവത്തിന്റെ രക്ഷയിലേക്കു ആളുകളെ കൊണ്ടുവരുവാൻ, അബ്രഹാമിന്റേയും, ഇസഹാക്കിന്റേയും, യാക്കൊബിന്റേയും ദൈവം യെഹൂദന്മാരോടു പ്രസംഗിച്ചിരുന്നു. പിന്നീട്, ജാതികളോടു, പൗലൊസ്, ജീവനുള്ള ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചതായി പ്രസംഗിച്ചു.

2. *യേശു, ദൈവപുത്രനായ, ക്രിസ്തുവും കർത്താവും ആകുന്നു*

(നോക്കുക പ്രവൃത്തികൾ 2:36; 4:10, 11; 5:42; 9:20, 22; 10:36; 17:3; 18:5, 28). യേശു ദൈവപുത്രനായ ക്രിസ്തു ആണെന്ന അടിസ്ഥാനത്തിലാണ്, ആത്മിയ ജീവിതം ഉള്ളത് (യോഹന്നാൻ 20:30, 31).

3. *കർത്താവിന്റെ വചനം രക്ഷിക്കുന്നു* (പ്രവൃത്തികൾ 11:14; 16:32; നോക്കുക 2 തിമൊഥെയൊസ് 4:2).

4. *യേശു രക്ഷിതാവാണ്.* പൂർണ്ണമായ സുവിശേഷം പ്രസംഗിക്കപ്പെട്ടു, യേശുവിന്റെ മരണം, അടക്കം, ഉയിർപ്പു എന്നിവയടക്കം (നോക്കുക പ്രവൃത്തികൾ 2:32; 8:5, 25, 35; 14:7, 21; 16:10; 1 കൊരിന്ത്യർ 2:1, 2; 15:1–4).

5. *യേശുവിനെ കൂടാതെ നാം നഷ്ടപ്പെട്ടവരും, പാപമോചനം ആവശ്യമുള്ളവരുമാണ്* (പ്രവൃത്തികൾ 4:10–12).

6. *നാം മാനസാന്തരപ്പെടണം, അതായതു, നമ്മുടെ ജീവിതത്തെ മാറ്റണം* (പ്രവൃത്തികൾ 2:38; 3:19; 17:30).

7. *നാം സ്നാനം ഏല്ക്കുമ്പോൾ പാപങ്ങൾ മോചിക്കുന്നു* (പ്രവൃത്തികൾ 2:38; 22:16).

8. *ദൈവരാജ്യത്തെക്കുറിച്ചുള്ള സത്യം പ്രസംഗിച്ചു* (പ്രവൃത്തികൾ 8:12; 19:8; 20:25; 28:23, 31).

സ്നാനം ഏല്ക്കുന്നതിനുമുൻപു ഐത്യോപ്യനായിരുന്ന ഷണ്ഡൻ എന്തെല്ലാം അറിഞ്ഞിരുന്നു? (നോക്കുക പ്രവൃത്തികൾ 8:26–39). യെശയ്യാവു 53 നെ ആസ്പദമാക്കി ഫിലിപ്പൊസ് അവനോടു ക്രിസ്തുവിനെ പ്രസംഗിച്ചു. ആ പ്രവചനത്തിൽ നിന്നു, അവനു യേശുവിനെ കുറിച്ചു പ്രസംഗിക്കുവാൻ കഴിഞ്ഞു: “അവൻ നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നു” (വാക്യം 5); “യഹോവ നമ്മുടെ എല്ലാവരുടേയും അകൃത്യം അവന്റെ മേൽ ചുമത്തി” (വാക്യം 6); “അവൻ അകൃത്യമായിത്തീർന്നു” (വാക്യം 10); “എന്റെ ദാസൻ തന്റെ പരിജ്ഞാനം കൊണ്ടു പലരേയും നീതീകരിക്കും” (വാക്യം 11); “അവൻ അനേകരുടെ പാപം വഹിക്കും” (വാക്യം 12).

ഫിലിപ്പൊസ് ശമര്യക്കാരോടു “യേശുക്രിസ്തുവിന്റെ നാമത്തെയും ദൈവരാജ്യത്തെയും” പ്രസംഗിച്ചതുപോലെ ഷണ്ഡനോടും പ്രസംഗിച്ചിരിക്കാം (പ്രവൃത്തികൾ 8:12). ചുരുക്കത്തിൽ, “അവൻ അവനോടു യേശുവിനെ പ്രസംഗിച്ചു” (പ്രവൃത്തികൾ 8:35).

ഫലമോ ഐത്യോപ്യക്കാരൻ ഷണ്ഡൻ സ്നാനം ഏല്ക്കുവാൻ ആഗ്രഹിച്ചു. യേശു ക്രിസ്തുവാണെന്നും തന്റെ പാപങ്ങൾക്കുവേണ്ടി അവൻ മരിച്ചുവെന്നും അവൻ മനസ്സിലാക്കി കാണും. താൻ വീണ്ടും ജനിക്കണം എന്നവൻ തിരിച്ചറിഞ്ഞു കാണും (യോഹന്നാൻ 3:5) അങ്ങനെ അവന് ക്രിസ്തുവിന്റെ രാജ്യത്തിൽ പ്രവേശിപ്പാൻ കഴിഞ്ഞു. അവൻ യേശുവിനെ അനുഗമിക്കുവാൻ തീരുമാനിച്ചതുകൊണ്ടു, യേശുവിന്റെ മരണത്താൽ പാപക്ഷമ കിട്ടുവാൻ സ്നാനം ഏല്ക്കേണ്ടതാണെന്നു അവനു ബോധ്യമായി. തീർച്ചയായും, ക്രിസ്ത്യാനിയാകുവാൻ ആഗ്രഹിക്കുന്ന ആരും അങ്ങനെ അതൊക്കെയും അറിയും.

## നാം എന്തു വിശ്വസിക്കണം

രക്ഷിക്കപ്പെടുവാൻ നാം സ്നാനം ഏല്ക്കണം (മർക്കൊസ് 16:16; 1 പത്രൊസ് 3:21). രക്ഷിക്കപ്പെടുവാൻ നാം വിശ്വസിക്കേണ്ടതിനൊപ്പം സ്നാനമേല്ക്കുന്നതിനും നാം വിശ്വസിക്കണം. നാം വിശ്വസിക്കേണ്ട തായവ താഴെ കൊടുത്തിരിക്കുന്നതു ശ്രദ്ധിക്കുക:

- നാം പാപികളാണ് (1 തിമൊഥെയൊസ് 1:15).
- ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിക്കുന്നവർക്കു പ്രതിഫലം കൊടുക്കുമെന്നും (എബ്രായർ 11:6).
- "ഞാൻ ആകുന്നവൻ" യേശുവാണ്."[1]
- യേശു ക്രിസ്തുവും (യോഹന്നാൻ 20:30, 31) കർത്താവും ആണ് (പ്രവൃത്തികൾ 2:36), അതിനർത്ഥം അവൻ പറയുന്നതു നാം ചെയ്യും എന്നാണ് (മത്തായി 7:21; ലൂക്കൊസ് 6:46).
- യേശുവിന്റെ വാക്കുകളും (യോഹന്നാൻ 5:47; 12:49, 50) സുവി ശേഷവും (മർക്കൊസ് 16:15, 16; റോമർ 1:16; എഫെസ്യർ 1:13) വിശ്വസിക്കണം.
- യേശുവിനെ കുറിച്ചുള്ള സാക്ഷ്യം (യോഹന്നാൻ 17:20; 2 തെസ്സ ലൊനിക്യർ 1:10) രാജ്യത്തെക്കുറിച്ചുള്ള ഉപദേശവും (പ്രവൃ ത്തികൾ 8:12) വിശ്വസിക്കണം.
- യേശു ഉയിർത്തെഴുന്നേറ്റു (റോമർ 10:9).
- അവന്റെ രക്തം മുഖാന്തരം യേശു നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുന്നു (റോമർ 3:24, 25).
- ദൈവം നമ്മുടെ ജീവിതങ്ങളിൽ പ്രവർത്തിക്കുന്നു (കൊലൊസ്യർ 2:12).

നാം വിശ്വസിക്കേണ്ടതു *എന്തെന്നു* ദൈവം തിരഞ്ഞെടുത്തിരിക്കുന്നു – എന്നാൽ നാം *എന്തു* വിശ്വസിക്കണമെന്നും ചെയ്യണമെന്നും അവൻ തിരഞ്ഞെടുത്തിരിക്കുന്നതു *എന്തുകൊണ്ടാണ്* എന്നു നാം മനസ്സിലാ ക്കേണ്ട ആവശ്യമില്ല. *എന്തുകൊണ്ടു* നാം യേശുവിലും അവന്റെ രക്ത ത്തിലും വിശ്വസിക്കേണ്ടതു എന്ന് ഒരു പക്ഷെ നാം ഒരിക്കലും അറിയു കയില്ലായിരിക്കാം, അല്ലെങ്കിൽ അവൻ നമുക്കുവേണ്ടി എന്തുകൊണ്ടു മാനസാന്തരം, ഏറ്റുപറച്ചിൽ, സ്നാനം എന്നിവ പാപക്ഷമാപണത്തിനു തിരഞ്ഞെടുത്തു എന്നും നാം അറിയുകയില്ലായിരിക്കാം. *എന്തുകൊണ്ട്* അവൻ ഇവയെല്ലാം തിരഞ്ഞെടുത്തു എന്നു നാം ചോദിക്കാവുന്നതുമ ല്ല. മറിച്ചു, നാം വിശ്വാസത്തിൽ ദൈവം *എന്തു* ചെയ്തുവോ അതിനോടു നാം പ്രതികരിക്കണം.

## നാം എന്തു തീരുമാനിക്കണം

### പുതിയ സൃഷ്ടി ആകുവാൻ

നമുക്കു ചുറ്റുമുള്ള ദുഷ്ട ലോകത്തിൽ നിന്നു നാം വ്യത്യസ്തരായ ആളുകളായി മാറണം. നമ്മുടെ ശരീരങ്ങൾ യേശുവിനു ജീവനുള്ള

യാഗങ്ങളായി സമർപ്പിക്കണം. പൗലൊസ് പറഞ്ഞു, "പരിഛേദനയും അഗ്രചർമ്മവും ഒന്നുമല്ല, പുതിയ സൃഷ്ടി അത്രേ കാര്യം" (ഗലാത്യർ 6:15). അവൻ ഇതു കൂടെ എഴുതി,

> സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവു ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നതു, നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ. ഈ ലോകത്തിനു അനുരൂപരാകാതെ, നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന്നു മനസ്സുപുതുക്കി രൂപാന്തരപ്പെടുവിൻ (റോമർ 12:1, 2).

> ഒരുത്തൻ ക്രിസ്തുവിൽ ആയാൽ, അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞുപോയി; ഇതാ, അതു പുതുതായി തീർന്നിരിക്കുന്നു (2 കൊരിന്ത്യർ 5:17).

ഈ പുതിയ സൃഷ്ടിയും സ്വയ - ത്യാഗവും ഹൃദയപൂർവ്വം അനുസരിച്ചു സ്നാനപ്പെടുമ്പോഴാണ് സംഭവിക്കുന്നത് (റോമർ 6:4-7, 17, 18). ഹൃദയത്തിന്റെ പങ്കാളിത്തമില്ലാത്ത ഭൗതിക പ്രവൃത്തി മാത്രം പോരാ. നാം വെള്ളത്തിൽ മുങ്ങിയതുകൊണ്ടു മാത്രം നമ്മിൽ മാറ്റം ഉണ്ടാവുകയില്ല. ഒരു മദ്യപാനിയെ പിടിച്ചുകൊണ്ടുവന്നു സഭാ മന്ദിരത്തിന്റെ മുൻവാതിലിലൂടെ കടത്തി പുറം വാതിലിലൂടെ കടത്തി വിടുന്നതുപോലെയായിരിക്കും. നാം സ്നാനം ഏല്ക്കുമ്പോൾ ഹൃദയമാറ്റം ഉണ്ടായാൽ മാത്രമെ പുതിയ സൃഷ്ടിയായി മാറുന്നുള്ളൂ.

സ്നാന സന്ദർഭത്തിൽ (റോമർ 6:3-7), പൗലൊസ് ഇങ്ങനെ പറഞ്ഞു: "എന്നാൽ നിങ്ങൾ പാപത്തിന്റെ ദാസന്മാർ ആയിരുന്നുവെങ്കിലും, നിങ്ങളെ പഠിപ്പിച്ച ഉപദേശരൂപത്തെ ഹൃദയപൂർവ്വം അനുസരിച്ചു പാപത്തിൽ നിന്നു സ്വാതന്ത്ര്യം ലഭിച്ചു, നീതിക്കു ദാസന്മാരായി തീർന്നതു കൊണ്ട് ദൈവത്തിന്നു സ്തോത്രം" (റോമർ 6:17, 18).

നമ്മുടെ പഴയ മനുഷ്യനെ നീക്കികളഞ്ഞു പുതിയ മനുഷ്യനെ ധരിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. കൊലൊസ്യർ 3:10 പറയുന്നു, "അന്യോന്യം ഭോഷ്ക്ക് പറയരുത്, നിങ്ങളുടെ പഴയ മനുഷ്യനെ അവന്റെ *ദുഷ്*പ്രവൃത്തികളോടുകൂടെ ഉരിഞ്ഞുകളഞ്ഞു, തന്നെ സൃഷ്ടിച്ചവന്റെ പ്രതിമപ്രകാരം പരിജ്ഞാനത്തിന്നായി പുതുക്കം പ്രാപിക്കുന്ന പുതിയ മനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലൊ." (എംഫസിസ് മൈൻ).

നാം യേശുവിൽ നിന്നു പഠിക്കുമ്പോൾ ക്രിസ്ത്യാനികളായി തീരുന്നതോടെ, പാപപരിശീലനം പഴയ കാര്യമായി തീരുന്നതായി നാം തിരിച്ചറിയുന്നു. എഫെസ്യർ 4:20-24 പറയുന്നു,

> നിങ്ങളോ യേശുവിൽ സത്യം ഉള്ളതുപോലെ അവനെക്കുറിച്ചു കേട്ടു, അവനിൽ ഉപദേശം ലഭിച്ചു എങ്കിൽ, ക്രിസ്തുവിനെ കുറിച്ചു ഇങ്ങനെയല്ല പഠിച്ചത്, മുമ്പിലത്തെ നടപ്പു സംബന്ധിച്ചു ചതിമോ

> ഹങ്ങളാൽ വഷളായി പോകുന്ന പഴയ മനുഷ്യനെ ഉപേക്ഷിച്ചു, നിങ്ങളുടെ ഉള്ളിലെ ആത്മാവു സംബന്ധമായി പുതുക്കം പ്രാപിച്ചു, സത്യത്തിന്റെ ഫലമായ, നീതിയിലും വിശുദ്ധിയിലും *ദൈവാനുരൂപമായി* സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊൾവിൻ (എംഫസിസ് മൈൻ).

ശിശുസ്നാനത്തിലെ പ്രശ്നങ്ങളിൽ ഒന്ന് എന്തെന്നാൽ ശിശുക്കൾക്കു മനസ്സിലാക്കുവാനോ അല്ലെങ്കിൽ സ്നാനത്തിൽ വരുത്തേണ്ട മാറ്റങ്ങൾ വരുത്തുവാനോ കഴിയുകയില്ല എന്നതാണ്. കുഞ്ഞിനു ഹൃദയപൂർവ്വം അനുസരിക്കുവാൻ കഴിയുകയില്ല, സ്നാനപ്പെടുമ്പോൾ സംഭവിക്കേണ്ട മാറ്റത്തെക്കുറിച്ചു അവൻ ഒന്നും അറിയുന്നില്ല.

ക്രിസ്തുവിലുള്ള രക്ഷ നാം ആഗ്രഹിക്കുകയാണെങ്കിൽ, അവന്റെ പാപമോചനം അന്വേഷിച്ചു, അവന്റെ അടുക്കൽ ആത്മാർത്ഥതയോടെ എത്തണം. സ്നാനത്തിൽ നാം അവനോടുകൂടെ അടക്കം ചെയ്യുമ്പോൾ, അവന്നായി ജീവിക്കുന്ന പുതിയ സൃഷ്ടികളാകുവാൻ നാം തീരുമാനിക്കണം. ഇതിനേക്കാൾ താഴ്ന്ന ഉദ്ദേശത്തോടെയാണ് നാം സ്നാനത്തോടടുക്കുന്നതു എങ്കിൽ, സ്നാനത്തിന്റെ അർത്ഥം തന്നെ നാം നഷ്ടമാക്കുകയാണ്.

**ഒരു ശിഷ്യനായിത്തീരുവാൻ**

യോഹന്നാൻ സ്നാപകന്റെ സ്നാനം ഏറ്റവർ അവന്റെ ശിഷ്യന്മാരായിത്തീർന്നതുപോലെ, യേശുവിന്റെ സ്നാനം ഏറ്റവർ അവന്റെ ശിഷ്യന്മാരായിത്തീരുന്നു (യോഹന്നാൻ 4:1). “ശിഷ്യൻ” എന്ന വാക്ക് (ഗ്രീക്ക്.: *മത്തേറ്റസ്*) ആരെയെങ്കിലും കേട്ടു പഠിച്ചു അയാളുടെ ശിഷ്യനായി പിൻപറ്റുന്നതിനാണ് ഉപയോഗിച്ചിരിക്കുന്നത്. ഒരു വ്യക്തിയുടെ നാമത്തിൽ സ്നാനം ഏല്ക്കുന്നതു സൂചിപ്പിക്കുന്നതു സ്നാനപ്പെടുമ്പോൾ അയാൾ ആ വ്യക്തിയുടെ ഉപദേശം സ്വീകരിച്ചു അയാളെ അനുഗമിക്കുവാൻ തീരുമാനിക്കുകയാണ്.

1 കൊരിന്ത്യരിൽ കൊരിന്തിലെ സഭയ്ക്കുള്ളിലെ ഭിന്നതയെ ഇല്ലാതാക്കുവാൻ പൗലൊസ് ആവശ്യപ്പെടുന്നു. പലരും തങ്ങൾ പ്രമുഖ ക്രിസ്ത്യാനികളുടെ ശിഷ്യന്മാരാണെന്നു പക്ഷം പിടിച്ചു പറയുവാൻ തുടങ്ങി (1 കൊരിന്ത്യർ 1:10–16) ഉദാഹരണമായി, പൗലൊസ്, അപ്പൊല്ലോസ്, കേഫാവു തുടങ്ങിയവരുടെ പക്ഷം പിടിച്ചു (കേഫാവു പത്രൊസ് ആയിരുന്നു; നോക്കുക യോഹന്നാൻ 1:42). അവർ പൗലൊസിന്റെ നാമത്തിലാണോ സ്നാനമേറ്റതു എന്നാണ് പൗലൊസ് ചോദിച്ചത് (1 കൊരിന്ത്യർ 1:13). സൂചന എന്തെന്നാൽ അവർ പൗലൊസിന്റെ നാമത്തിൽ സ്നാനപ്പെട്ടില്ലെങ്കിൽ, പിന്നെ പൗലൊസിന്റെ പക്ഷക്കാർ എന്നറിയപ്പെടാൻ പാടില്ല.

നാം യേശുവിന്റെ നാമത്തിൽ സ്നാനമേല്ക്കുമ്പോൾ, നാം അവന്റെ ശിഷ്യന്മാരാകുന്നു എന്നു തിരിച്ചറിയണം – അതായതു അവൻ നമ്മുടെ കർത്താവായി തീരുകയും നാം അവന്റെ ദാസന്മാരായി തീരുകയും ചെയ്യുന്നു. നാം പിന്നെ ഒരിക്കലും പാപത്തിന്റെ ദാസന്മാരല്ല; പകരം,

നാം യേശുവിനെ സേവിക്കണം. നാം അവനെ നമ്മുടെ കർത്താവായി സ്വീകരിക്കയും അവൻ നമ്മുടെ തലയായതുകൊണ്ടു നാം അവനു കീഴ്പ്പെട്ടിരിക്കയും വേണം (എഫെസ്യർ 5:24).

**ചുരുക്കം**

ആത്മിയ ബന്ധങ്ങളും സൂചനകളും ഉള്ള ഒരു ഭൗതിക പ്രവൃത്തിയാണ് സ്നാനം. ഇവയില്ലെങ്കിൽ, സ്നാനം വിലയില്ലാതാകുന്നു. ബൈബിൾ കാഴ്ച്ചപ്പാടിലൂടെ സ്നാനം ലഭിക്കുവാൻ, നാം ദൈവവുമായ തെറ്റായ ബന്ധം ശരിയാക്കിയെടുക്കുകയാണ് പാപമോചനത്തിലൂടെ എന്നു തിരിച്ചറിയണം. നാം പാപത്തെ ഉപേക്ഷിച്ച് നമ്മുടെ ഏക കർത്താവും യജമാനനുമായ യേശുവിലേക്കു വരുവാനും പുതിയ ജീവിതത്തിൽ പ്രവേശിക്കുവാനും സമർപ്പിക്കപ്പെടണം.

---

കുറിപ്പ്

[1] യേശു പറഞ്ഞു, "ഞാനാണ് അവൻ." ഗ്രീക്കിൽ "അവൻ" ഇല്ലാതെയാണ് (യോഹന്നാൻ 8:24; കൂടാതെ നോക്കുക 8:28, 58; 13:19), അതുകൊണ്ട് ഇംഗ്ലീഷ് വേദഭാഗം വായിക്കുന്നത് യേശു പറഞ്ഞു, "ഞാൻ ആകുന്നവൻ" എന്നാണ്.

---

**സ്നാനവും സുവിശേഷവും**

നാം കേൾക്കുകയും വിശ്വസിക്കുകയും ചെയ്തില്ലെങ്കിൽ, നമ്മുടെ സ്നാനത്തിനു വിലയില്ല. അതുകൊണ്ടാണ് പൗലൊസ് എഴുതിയത്, " സ്നാനം കഴിപ്പിപ്പാൻ അല്ല സുവിശേഷം, അറിയിപ്പാനത്രേ ക്രിസ്തു എന്നെ അയച്ചത്" (1 കൊരിന്ത്യർ 1:17). പൗലൊസ് പറയുന്നതു സ്നാനം പ്രാധാന്യമുള്ളതല്ല എന്നല്ല, മറിച്ചു സുവിശേഷം അറിയിക്കേണ്ടതിന്റെ പ്രാധാന്യത്തെയാണ്. ഈ വാക്യത്തിലെ ഗ്രീക്കു പ്രയോഗം "അല്ല ... എന്നാൽ" എന്നതിന്റെ അർത്ഥം, പൗലൊസ് സ്നാനപ്പെടുത്തുവാനല്ല എന്നല്ല, കാരണം അവൻ സ്നാനപ്പെടുത്തിയിരുന്നു (1 കൊരിന്ത്യർ 1:14 –16); പിന്നെയോ, അതിന്റെ അർത്ഥം സുവിശേഷം അറിയിക്കേണ്ടതിനു ഊന്നൽ കൊടുത്തിരിക്കയാണ്.[1]

സ്നാനം സുവിശേഷത്തിന്റെ ഭാഗമാണെങ്കിലും, സ്നാനം, സുവിശേഷം കൂടാതെ പൂർണ്ണമാകയില്ല എന്നാണ്; കാരണം രക്ഷിക്കുന്ന ശക്തി സുവിശേഷത്തിലാണ് (റോമർ 1:16; എഫെസ്യർ 1:13), അല്ലാതെ സ്നാനത്തിൽ അല്ല. വിശ്വാസം, മാനസാന്തരം, ഏറ്റു പറച്ചൽ, സ്നാനം എന്നിവയല്ല രക്ഷിക്കുന്നത്. യേശുവിന്റെ രക്തം മാത്രമാണ് നമ്മെ രക്ഷിക്കുന്നത്; എങ്ങനെയായാലും, നമ്മുടെ വിശ്വാസം, മാനസാന്തരം, ഏറ്റു പറച്ചിൽ, സ്നാനം എന്നിവയിലേക്കു നയിച്ചില്ലെങ്കിൽ, അവന്റെ രക്തം നമ്മെ രക്ഷിക്കയില്ല. ദൈവവചനം പ്രസംഗിച്ചു കേൾക്കുമ്പോൾ സുവിശേഷം അനുസരിക്കുന്നതിലേക്കു നമ്മെ നയിക്കുന്നു.

രക്ഷയുടെ “എപ്പോൾ?” എന്നതും “എന്ത്?” എന്നതും തമ്മിൽ വ്യത്യാസം ഉണ്ട്. യേശു തന്റെ മരണത്തിൽ ചിന്തിയ രക്തം *ആണ്* നമ്മെ രക്ഷിക്കുന്നത്. പഴയ പാട്ടിൽ ചോദിക്കുന്നതു വളരെ ശരിയാണ്, “എന്റെ പാപം പോക്കാൻ എന്തു?” പിന്നെ മറുപടിയും തരുന്നു, “യേശുവിൻ രക്തം മാത്രം.” നാം ചെയ്യുന്ന പ്രവൃത്തികൾക്കൊന്നും നമ്മെ രക്ഷിപ്പാൻ സാധ്യമല്ല (എഫെസ്യർ 2:8, 9); യേശുവിന്റെ രക്തത്തിനു മാത്രമെ അതിനു കഴിയുകയുള്ളൂ (മത്തായി 26:28; 1 പത്രൊാസ് 1:18, 19).

*എപ്പോഴാണ്* യേശുവിന്റെ രക്തം നമ്മുടെ പാപങ്ങളെ കഴുകി കളയുന്നത്? അവനെ നാം അനുസരിക്കുമ്പോൾ – നാം വിശ്വസിക്കയും, മാനസാന്തരപ്പെടുകയും, സ്നാനമേല്ക്കുകയും ചെയ്യുമ്പോൾ. നമ്മുടെ പാപക്കടങ്ങൾ വീട്ടിയതു യേശുവാണ്, എന്നാൽ അവന്റെ മരണത്താൽ ലഭ്യമാകുന്ന രക്ഷക്കു നാം അവനെ അനുസരിക്കണം (എബ്രായർ 5:9). അതുകൊണ്ടു, രക്ഷയിൽ “എന്തു?” എന്നതു യേശുവിന്റെ രക്തവും “ എപ്പോൾ?” എന്നതു നാം അവനെ അനുസരിക്കുന്ന സമയവുമാണ്.

സുവിശേഷത്തോടുള്ള നമ്മുടെ പ്രതികരണത്തിന്റെ ഭാഗമാണ് വിശ്വാസവും, മാനസാന്തരവും, സ്നാനവും എല്ലാം. നമുക്കു പകരം നമുക്കുവേണ്ടി നമ്മുടെ പാപങ്ങളെ അവൻ വഹിച്ചു എന്ന സത്യമാണ് സുവിശേഷം, അവന്റെ രക്തമാണ് നമ്മുടെ പാപക്കടത്തിനു വിലയായി നല്കിയതു, ഇപ്പോൾ അവൻ നമുക്കുവേണ്ടി പക്ഷവാദം നടത്തി പ്രപഞ്ചത്തിന്റെ ഭരണകർത്താവായി ജീവിക്കുന്നു. നമ്മുടെ ജീവിതത്തിൽ അവൻ വാഴേണ്ടതിനു നാം സ്വയം മരിപ്പിച്ചു കഴിയുമ്പോൾ അവൻ നമുക്കുവേണ്ടി മരിച്ച ജയം നമ്മുടേതാകും.

---

കുറിപ്പ്

[1]ഇതേ ഗ്രീക്കു ഘടന, അർത്ഥമാക്കുന്നതു, രണ്ടാമത്തേതിനു കൊടുത്തിരിക്കുന്ന പ്രാധാന്യം ഒന്നാമത്തെ പ്രകടനത്തിനു ഊന്നിയിട്ടില്ല എന്നതാണ്; അതു യോഹന്നാൻ 6:27; 12:47; 1 തിമൊഥെയൊസ് 5:23; 1 പത്രൊാസ് 3:3, 4; മറ്റു പല ഭാഗങ്ങളിലും കാണാം.

© 2009 Truth for Today